PATCHED
23/11/21...

6/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 397(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3336/*എസ്.ഐ.സി–ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**അഡ്വ. സന്തോഷ് സൂര്യൻ,**
**നെടുമങ്ങാട്**
**തിരുവനന്തപുരം – 695 541** } **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
   **ഡെപ്യൂട്ടി സെക്രട്ടറി,**
   **നികുതി (എഫ്) വകുപ്പ്,**
   **സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി &**
   **ജോയിന്റ് സെക്രട്ടറി,**
   **നികുതി (എഫ്) വകുപ്പ്,**
   **സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 05/09/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/12/2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/04/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 17/06/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 27/10/2021<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ അഡ്വ. സന്തോഷ് സൂര്യൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ വിശദമായ പരിശോധന നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല എന്ന മറുപടിയാണ് ലഭ്യമായതെന്നും ആയതിനാൽ പ്രസ്തുത ഫയൽ കണ്ടെത്തി അതിലെ ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 05.09.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, നികുതി വകുപ്പിലെ 5896/എഫ് 3/12/TD നമ്പർ കറസ്പോണ്ടൻസ് ഫയലിന്റേയും നോട്ട് ഫയലിന്റേയും പകർപ്പും (എക്സൈസിനെ സംബന്ധിക്കുന്നത്), 30.12.2019 -ാം തീയതിയിലെ എക്സൈസ് കമ്മീഷണറുടെ ഇ.എക്സ്.സി. 4538/2019 എക്സ്.ഇ.8 കത്തിന്റെ (ഫയൽ നമ്പർ – നികുതി. എഫ്.1/404/2019/നി.വ) പകർപ്പുമാണ്.

3. ഹർജിക്കാരന്റെ 05.09.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 17.10.2020 ൽ നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത് 5896/എഫ് 3/12/നി.വ എന്ന ഫയൽ 24.07.2013 ൽ തുടർ നടപടികൾക്കായി ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന് കൈമാറിയിരിക്കുന്നതിനാൽ ടി ഫയലിന്റെ കറസ്പോണ്ടൻസ് ഫയലിന്റേയും നോട്ട് ഫയലിന്റേയും പകർപ്പ് ടിയാന് നേരിട്ട് ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിലെ എസ്.പി.ഐ.ഒ യ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട് എന്നാണ്. ടി വകുപ്പിൽ നിന്നും ഫയൽ ലഭ്യമല്ല എന്ന മറുപടിയാണ് ലഭ്യമായതെന്നാരോപിച്ച് ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 02.11.2020 ൽ അപ്പീൽ സമർപ്പിച്ചതായും ടി അപ്പീലിന് 30.12.2020 ൽ മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 27.05.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ അപേക്ഷയിൽ ഒന്നാമതായി ആവശ്യപ്പെട്ട 5896/എഫ് 3/12/നി.വ എന്ന ഫയൽ 24.07.2013 ൽ

തുടർ നടപടികൾക്കായി ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന് കൈമാറി യിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൻ പ്രകാരം കാണപ്പെട്ടതിനാൽ പ്രസ്തുത ഫയലിന്റെ പകർപ്പ് അപേക്ഷകന് നേരിട്ട് ലഭ്യമാക്കുന്നതിനായി അപേ ക്ഷയുടെ പകർപ്പ് 17.10.2020 ൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിലെ എസ്. പി.ഐ.ഒ യ്ക്ക് നൽകിയെന്നും ടിയാൻ രണ്ടാമതായി ആവശ്യപ്പെട്ട കത്തിന്റെ പകർപ്പ് ഫീസ് ഈടാക്കി അപേക്ഷകന് നികുതി വകുപ്പിലെ എസ്.പി.ഐ.ഒ ലഭ്യ മാക്കിയെന്നുമാണ്. ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് അപേക്ഷ പരിശോ ധിച്ചതിൽ, പ്രസ്തുത ഫയൽ നിലവിൽ നികുതി വകുപ്പ് അണ്ടർ സെക്രട്ടറിയുടെ പക്കലുള്ളതായി Ideas software -ൽ രേഖപ്പെടുത്തിയിട്ടുള്ളതായും ആയതി നാൽ പ്രസ്തുത ഫയലിന്റെ പകർപ്പ് അപേക്ഷകന് നൽകുന്നതിനായി അപേക്ഷ തിരികെ ലഭ്യമാക്കിയെന്നും, തിരച്ചിലിൽ കണ്ടെത്താത്തതിനാൽ പ്രസ്തുത ഫയൽ ലഭ്യമാണെങ്കിൽ ആയത് നികുതി വകുപ്പിന് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് പൊതുഭരണം, നിയമം, ധനകാര്യം വകുപ്പുകളിലെ എല്ലാ വകുപ്പു കൾക്കും അനൗദ്യോഗിക കുറിപ്പ് നൽകിയെന്നും ഫയൽ ലഭ്യമല്ലെന്നു പ്രസ്തുത വകുപ്പുകൾ അറിയിച്ചതിനെ തുടർന്ന് ടി ഫയൽ നാളിതുവരെ കണ്ടെ ത്താൻ സാധിച്ചില്ലെന്ന വിവരം ഉൾക്കൊള്ളിച്ചുകൊണ്ട് അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നാണ്. പ്രസ്തുത ഫയൽ നിലവിൽ നികുതി വകുപ്പ് അണ്ടർ സെക്രട്ടറിയുടെ പക്കലുള്ളതായി Ideas software -ൽ രേഖപ്പെടുത്തിയി ട്ടുള്ളതായി ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് പറഞ്ഞതിന്റെ അടിസ്ഥാന ത്തിൽ ഇക്കാര്യം സംബന്ധിച്ച് NIC പ്രതിനിധികളുമായി സംസാരിച്ചതിൽ, Ideas software-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ വീണ്ടെടുക്കുവാൻ നിർവ്വാഹമി ല്ലെന്നും Ideas software ഒരു ഫയൽ ട്രാക്കിംഗ് സംവിധാനമാണെന്നും ആയത് ഓരോരോ വകുപ്പിന്റേയും ഓഫീസ് സെക്ഷനിൽ മാത്രം പ്രാപ്തമാക്കിയിട്ടുള്ള software ആണെന്നും തപാൽ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട സെക്ഷനിലേക്ക് നൽകുവാൻ സാധിക്കാത്തതിനാൽ ആയത് ബന്ധപ്പെട്ട അണ്ടർ സെക്രട്ടറിക്ക് നൽകിയതായി മാത്രമേ രേഖപ്പെടുത്തുകയുള്ളൂ എന്നും 2017 ഓടെ പൂർണ്ണ മായും Ideas software സെക്രട്ടേറിയറ്റിൽ നിർത്തലാക്കി പകരം e-office ലേക്ക്

മാറിയെന്നും ആയതിനാൽ Ideas software -ലൂടെ രജിസ്റ്റർ ചെയ്ത വിവരങ്ങൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലെന്നാണ് അറിഞ്ഞതെന്നും ടി വിവരങ്ങൾ ഉൾപ്പെടുത്തി അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ സർക്കാരിന്റെ പക്കൽ ലഭ്യമല്ലാത്തതിനാൽ ആയത് നൽകുവാൻ നിർവ്വാഹമില്ലെന്ന് 30.12.2020 ൽ ഹർജിക്കാരനെ അറിയിക്കുകയും അപ്രകാരം അപ്പീൽ തീർപ്പാക്കിയെന്നുമാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമായതായി കാണുന്നില്ല. 27.10.2021 ൽ കമ്മീഷൻ നേരിട്ട് നടത്തിയ ഹിയറിംഗിൽ ഹർജിക്കാരൻ ഹാജരാകുകയോ, ഹാജരാകാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന 5896/എഫ് 3/12/നി.വ എന്ന ഫയൽ കണ്ടെത്തുന്നതിനായി സാധ്യമായ എല്ലാ പരിശ്രമവും നടത്തിയതായി ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ നിന്നും കൂടാതെ 27.05.2021 ൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിലും വ്യക്തമായിട്ടുണ്ട്. എങ്കിലും ഒരിക്കൽ കൂടി പ്രസ്തുത ഫയൽ കണ്ടെത്തുന്നതിന് തിരച്ചിൽ നടത്തി വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ഹർജിക്കാരന് വിശദമായി നൽകേണ്ടതും ആയത് ലഭ്യമായില്ലെങ്കിൽ ആയതിനു നടത്തിയ ശ്രമങ്ങളെ കുറിച്ചും ഹർജിക്കാരനെ വിശദമായി അറിയിക്കേണ്ടതും ടി വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതും ആണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 6-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION